## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **11-06-2024 - ൽ മറുപടിയ്ക്ക്**

## ജലവൈദ്യുത ഉല്പാദന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കിക്കൊണ്ട് വൈദ്യുത ഉല്പാദനം നടത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കി കൊണ്ട് വൈദ്യുത ഉത്പാദനം നടത്തുന്നതിനായി മൊത്തം 33.10 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള 6 ചെറുകിട ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കെ.എസ്.ഇ.ബി.എൽ. വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ഡാമുകളിൽ നിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി 9 സൈറ്റുകൾ കെ.എസ്.ഇ.ബി.എൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ നടപ്പിലാക്കുന്നതിനു സർക്കാരിന്റെ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>വൈദ്യുതി അധികമുള്ള സമയങ്ങളിൽ അതുപയോഗിച്ച് വെള്ളം ഉയരത്തിലുള്ള റിസർവോയറിലേക്ക് പമ്പ് ചെയ്ത് സൂക്ഷിച്ച് പീക്ക് സമയങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ പമ്പ്ഡ്സ്റ്റോറേജ് ജലവൈദ്യുത പദ്ധതി (PSP)കൾ വഴി സാധിക്കും. സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് നയത്തിന്റെ കരട് എനർജി മാനേജ്മെന്റ് സെന്റർ (ഇ. എം .സി) തയ്യാറാക്കി സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വരുകയുമാണ്. സ്വകാര്യ - സഹകരണ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ മുന്നോട്ട് വച്ചിട്ടുള്ള പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ പൂർത്തിയാക്കുന്നതിനും ആവശ്യമായ മൂലധനം കണ്ടെത്തുന്നതിനും സംയുക്ത സംരംഭങ്ങളെ ഉപയോഗപ്പെടുത്തുമ്പോൾ സാമ്പത്തിക രംഗത്തുണ്ടാകുന്ന ലാഭ- നഷ്ട പരിശോധന നടത്തി |

<table>
<tr><td></td><td></td><td></td><td>ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കവാൻ കെ.എസ്.ഇ.ബി.എൽ- ന് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ജലവൈദ്യുത ഉല്പാദന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; ഈ മേഖലയിൽ പരിഗണനയിലുള്ള പദ്ധതികൾ വിശദമാക്കുമോ;</td><td>(ബി)</td><td>
ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 മുതൽ) 2 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള അപ്പർ കല്ലാർ, 24 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള പെരിങ്ങൽക്കുത്ത്, 6 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള പെരുവണ്ണാമുഴി എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.
കൂടാതെ 227.50 MW മൊത്തം സ്ഥാപിത ശേഷിയുള്ള 10 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമി ക്കുന്നു. 92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്. വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തികളും നടന്നു വരുന്നു.
ഇടുക്കി സുവർണ്ണ ജൂബിലീ പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/ 347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്ത് വൈദ്യുതിയുടെ വർദ്ധിച്ചു വരുന്ന ആവശ്യം പരിഗണിച്ച് ജലവൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ താഴെപറയുന്ന ചെറുകിട/ വൻകിട പദ്ധതികൾ നടപ്പിലാക്കി വരുന്നു.
<table>
<tr><th>നമ്പർ</th><th>പദ്ധതി</th><th>ശേഷി</th></tr>
<tr><td>1</td><td>പള്ളിവാസൽ</td><td>60 MW</td></tr>
<tr><td>2</td><td>തോട്ടിയാർ</td><td>40 MW</td></tr>
<tr><td>3</td><td>കുറ്റ്യാടി RMU പദ്ധതി</td><td>3x25 MW to 3x27.5 MW</td></tr>
<tr><td>4</td><td>ഭൂതത്താൻകെട്ട്</td><td>24 MW</td></tr>
<tr><td>5</td><td>പഴശ്ശിസാഗർ</td><td>7.5 MW</td></tr>
<tr><td>6</td><td>ചിന്നാർ</td><td>24 MW</td></tr>
<tr><td>7</td><td>ഒലീക്കൽ & പൂവരംതോട്</td><td>2x2.5 MW & 2x1.5 MW</td></tr>
</table>
പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.
</td></tr>
</table>

| | | | |
|---|---|---|---|
| | | | • മാങ്കുളം (40MW)<br>• ആനക്കയം (7.5 MW)<br>• അപ്പർ ചെങ്കുളം (24 MW)<br>• ലാഢം (3.5 MW)<br>• മാർമല (7 MW)<br>• വാലൻതോട് (7.5 MW) |
| (സി) | ചെറുകിട ജലവൈദ്യുത ഉല്പാദന നിലയങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനും അതിലൂടെ വൈദ്യുത ഉല്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br><br>ചെറുകിട ജല വൈദ്യുത ഉത്പാദന നിലയങ്ങളുടെ നിർമ്മാണച്ചെലവ് കുറക്കുന്നതിനും അതിലൂടെ വൈദ്യുത ഉത്പാദനച്ചെലവ് ഗണ്യമായി കുറക്കുന്ന തിനും ലക്ഷ്യമിട്ട് കൊണ്ടുള്ള ഒരു മാർഗരേഖ 27.05.2024- ൽ കെ.എസ്.ഇ.ബി.എൽ. പുറത്തിറക്കിയിട്ടുണ്ട്. ഇതു നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ